കേരള സർക്കാർ

<u>സംഗ്രഹം</u>

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി.ബി.ലതികയെ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സഉ(കൈ)നം. 364/2015/തസ്വഭവ** **തീയതി,തിരുവനന്തപുരം, 26/12/2015**

---

പരാമർശം : (1) 25/11/2005 ലെ സഉ(പി) 501/05/ധന നമ്പർ ഉത്തരവ്

(2) 9/02/2010 ലെ സഉ(പി) 61/2010/ധന നമ്പർ ഉത്തരവ്

(3) ശ്രീമതി.ബി.ലതികയുടെ 03/06/2010 ലെ അപേക്ഷ

(4) അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 01/08/2006 ലെ XIII-ാം നമ്പർ തീരുമാനം

(5) പഞ്ചായത്തു ഡയറക്ടറുടെ 26/06/2012 ലെ ഇ 9-30496/12 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി.ബി.ലതിക തന്റെ നിയമന ക്രമവൽക്കരണത്തിനായി പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് പരാമർശം 4 പ്രകാരം അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊള്ളുകയും പരാമർശം 5 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ടിയാളുടെ അപേക്ഷ ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട് 620.31 ചതുരശ്ര മീറ്റർ ഓഫീസ് സ്വീപ്പിംഗ് ഏര്യ ഉള്ള അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം ഓഫീസ് സ്വീപ്പർ തസ്തിക നിലവിലില്ല.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് 28/12/1996 മുതൽ അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി.ബി.ലതികയെ പ്രസ്തുത ഗ്രാമ പഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക

സൃഷ്ടിച്ച് ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീമതി.ബി.ലതിക വിരമിക്കുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആളെ നിയമിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി.എസ്സ്**
**ഗവ.അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തിരുവനന്തപുരം.
സെക്രട്ടറി, അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം ജില്ല.
ശ്രീമതി. ബി.ലതിക, സ്വീപ്പർ, അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്ത്,തിരുവനന്തപുരം
(സെക്രട്ടറി, അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്ത് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനവകുപ്പ്(യു.ഒ നം. 124844/വ്യയം സി2/15/ധന തീയതി 08/10/2015 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ